## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 14.10.2023 മുതൽ 18.10.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 41/2023, (82) വെള്ളിയാഴ്ച്ച | തീയ്യതി 13/10/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ഒക്ടോബർ 07 മുതൽ ഒക്ടോബർ 13 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (ഒക്ടോബർ 14 മുതൽ ഒക്ടോബർ 18 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 07/10 | 08/10 | 09/10 | 10/10 | 11/10 | 12/10 | 13/10 | തീയ്യതി | 14/10 | 15/10 | 16/10 | 17/10 | 18/10 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 3.5 | 6.0 | മഴ (മില്ലീമീറ്റർ) | 2 | 1 | 0.5 | 5 | 4 |
| 33.1 | 33.2 | 33.0 | 33.1 | 33.5 | 30.9 | 30.7 | ഉയർന്ന താപനില (°C) | 31 | 33 | 33 | 33 | 33 |
| 22.6 | 23.0 | 24.4 | 24.2 | 24.9 | 24.9 | 23.4 | കുറഞ്ഞ താപനില (°C) | 25 | 24 | 24 | 24 | 24 |
| Partially Cloudy | Partially Cloudy | Partially Cloudy | Partially Cloudy | Partially Cloudy | Cloudy | Partially Cloudy | AM — മേഘ വ്യാപ്തി (ഒക്ടാ) | Cloudy | Cloudy | Overcast | Overcast | Overcast |
| Partially Cloudy | Cloudy | Cloudy | Cloudy | Cloudy | Overcast | | PM | | | | | |
| 92 | 85 | 92 | 87 | 93 | 96 | 96 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 92 | 92 | 92 | 91 |
| 61 | 64 | 57 | 67 | 76 | 77 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 54 | 58 | 65 | 57 |
| 1.2 | 1.2 | 1.3 | 1.1 | 1.4 | 0.7 | 1.0 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 6 | 6 |
| C | C | C | C | C | C | C | AM — കാറ്റിന്റെ ദിശ (ഡിഗ്രി ) | WSW | WSW | WSW | WSW | WSW |
| NW | SSW | SW | NW | WSW | C | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 9.5 | 1719.2 | 1585.8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (മൂപ്പെത്തിയപരുവം | | മൂപ്പെത്തിയ പാടശേഖരങ്ങളിൽ കഴിയുന്നതും വേഗം വിളവെടുക്കുക. |
| നെല്ല് മുണ്ടകൻ (ഞാറുപരുവം) | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിലിന് മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതിൽ 20 ഗ്രാം സ്യൂഡോമോണാസ് കലക്കി തളിക്കുക. |
| വാഴ | - | വാഴകന്ന് ചെത്തി വൃത്തിയാക്കി ചാണകവും ചാരവും കലക്കിയ മിശ്രിതത്തിൽ മുക്കി മൂന്ന് ദിവസം ഉണക്കിയതിനുശേഷം നടാവുന്നതാണ്. വാഴ നടുന്ന സമയത്ത് ഓരോ വാഴയ്ക്കും 250 ഗ്രാം കുമ്മായം വീതം ഇട്ടുകൊടുക്കാവുന്നതാണ് . |
| കുരുമുളക് | പൊള്ളു വണ്ട് | കുരുമുളക് ചെടികളിൽ പൊള്ളു വണ്ടിനെ കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി തോട്ടത്തിലെ തണൽ ക്രമീകരിക്കുക. വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിച്ച് കൊടുക്കുക. രോഗം രൂക്ഷമാണെങ്കിൽ രണ്ട് മില്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മുളക് | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്കവിധം പത്ത് ദിവസം ഇടവേളകളിലായി ഇത് ആവർത്തിച്ച് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 8 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം:- കന്നുകാലികൾക്ക് കാൽമുടന്തോ, പനിയോ കണ്ടാൽ ഉടനടി വൈദ്യസഹായം തേടുക. അകിടുവീക്കം തടയാൻ പശുവിന്റെ അകിടും, കറവക്കാരന്റെ കൈകളും വൃത്തിയായി കഴുകിയതിന് ശേഷം കറവ ആരംഭിക്കുക. കറവക്കുശേഷം അകിട് അണുവിമുക്തമാക്കുന്നതിന് പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി 1:1000 എന്ന അനുപാതത്തിൽ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാവുന്നതാണ് ( CAADECCS KVASU, Mannuthy)